# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 149** | **02.07.2015 - ൽ മറുപടിക്ക്**

## കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവകൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.എ.റ്റി.ജോർജ്**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **എ)** കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ; | **എ)** കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷി രീതിയ്ക്ക് മുൻഗണന നല്കികൊണ്ടുള്ള കൃഷി രീതികളാണ് അവലംബിച്ചിട്ടുള്ളത് ഇതിന് അനുബന്ധമായി എല്ലാ ഫാമുകളിലും ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കാനായി പശു വളർത്തൽ യൂണിറ്റുകൾ, ആട്ടുവളർത്തൽ പൗൾട്രി യൂണിറ്റുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേയ്ക്കായി ഫാമുകളിൽ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| **ബി)** ഇതിനായി പ്രസ്തുത ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | **ബി)** കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവവളത്തിന്റെ ലഭ്യത ഉറപ്പ വരുത്തുന്നതിനായി ഫാമിൽ പശു വളർത്തൽ യൂണിറ്റുകൾ തുടങ്ങി കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിൽ 4 പശുവളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. (ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന് / ജഴ്സിഫാം, വിതുര / ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ / ബഫല്ലോ ബ്രീഡിംഗ് ഫാം, കുരിയോട്ടുമല) കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| **സി)** പ്രസ്തുത ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;<br><br>**ഡി)** പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | **സി) & ഡി)** കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിയ്ക്ക് പ്രാധാന്യം നല്കികൊണ്ടുള്ള കൃഷി രീതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി കൃഷി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും ജില്ലാ പഞ്ചായത്തിൽ പ്രോജക്ട് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കിയും പശുവളർത്തൽ കേന്ദ്രങ്ങൾ / ഡെയറി യൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ എന്നിവ നടത്തുന്നതിനുള്ള ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി, (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും, അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേയ്ക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രധാന ഫാമുകളിലെല്ലാം അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**